# നീരയ്ക്ക് ആരാണ് പാരവയ്ക്കുന്നത്?

## കേരകർഷകരുടെ സ്വപ്നം തല്ലിത്തകർക്കരുത്

കേരളത്തിലെ കൃഷിക്കാർ അടുത്തകാലത്തു കണ്ട വലിയൊരു സ്വപ്നമാണു നീര. തെങ്ങിൽനിന്നു മികച്ച വരുമാനം നേടാൻ ഈ പാനീയവും അനുബന്ധവ്യവസായങ്ങളും സഹായിക്കുമെന്ന് അവർ തെളിയിക്കുകയും ചെയ്തു. അതിനായി നാളികേര വികസന ബോർഡിന്റെ നേതൃത്വത്തിൽ കൃഷിക്കാരുടെ സംഘടിത പ്രസ്ഥാനം മുന്നോട്ടുവരികയും സംസ്ഥാന സർക്കാർ നയങ്ങൾ പരിഷ്കരിച്ച് അനുകൂല നടപടികൾ സ്വീകരിച്ചുവരികയുമായിരുന്നു. ഇതിനിടയിലുണ്ടായ തർക്കങ്ങളും ഭിന്നതകളുമൊക്കെ കർഷകക്ഷേമമെന്ന വലിയ ലക്ഷ്യത്തിനു മുന്നിൽ ഉരുകിപ്പോയെന്നാണ് ഇടയ്ക്ക് എല്ലാവരും കരുതിയത്. തുടർന്ന് എക്സൈസ് വകുപ്പ് കർഷകസൗഹൃദ നിലപാടിലേക്ക് എത്തിയതോടെ നീരയുടെ ഭാവിയിൽ ആശങ്ക ഇല്ലാതാവുകയും ചെയ്തു.

എന്നാൽ, ഈ ലഹരിമുക്ത പാനീയത്തിൽ വിഷം കലർത്താൻ സർക്കാർ തലത്തിൽ തന്നെ ശ്രമം നടക്കുകയാണോ എന്നു സംശയിക്കണം.  കർഷകൻ നട്ടുനനച്ചു വളർത്തിയ തെങ്ങിൽനിന്നു ചെത്തിയെടുക്കുന്ന ലഹരിമുക്ത പാനീയത്തിനു ലൈസൻസ് വേണമെന്ന വാദം തന്നെ അന്യായമാണ്. എങ്കിൽപോലും വ്യവസ്ഥാപിതമായ ചട്ടക്കൂടിനു കീഴിൽ നീര ഉൽപാദിപ്പിക്കാമെന്നു കൃഷിക്കാർ സമ്മതിച്ചത് ഈ സംരംഭം യാഥാർഥ്യമായിക്കാണാനുള്ള ആഗ്രഹം കൊണ്ടാണ്. എന്നാലിപ്പോൾ 157 നാളികേര ഉൽപാദക ഫെഡറേഷനുകൾക്കു നീര ഉൽപാദനത്തിനു ലൈസൻസ് നൽകുന്ന ഉത്തരവ് വകുപ്പുകൾ തമ്മിലുള്ള തർക്കത്തിന്റെ പേരിൽ മരവിപ്പിച്ചിരിക്കുന്നു. കർഷകക്കമ്പനികളുടെ നീര ഉൽപാദനം തടയാനുള്ള നീക്കവും നടന്നുവരികയാണത്രേ.

കൃഷിക്കാരുടെ ക്ഷേമത്തെക്കാൾ മറ്റെന്തോ താൽപര്യമാണ് ഇതിന്റെ പിന്നിലെന്നു നീര ഉൽപാദനത്തിലും സംസ്കരണത്തിലും ഏർപ്പെട്ടിരിക്കുന്നവർ സംശയിക്കുകയാണ്. ഉൽപാദനം പെട്ടെന്നു നിർത്താനും വീണ്ടും ആരംഭിക്കാനും കഴിയുന്ന യന്ത്രങ്ങളിൽ നിന്നല്ല നീര കിട്ടുന്നതെന്നു ബന്ധപ്പെട്ടവർ മനസ്സിലാക്കേണ്ടിയിരുന്നു. ആഴ്ചകൾ നീളുന്ന പ്രക്രിയയിലൂടെയാണു തെങ്ങുകളിൽ നിന്നു നീര ശേഖരിക്കുന്നത്.

ഏതെങ്കിലും സർക്കാർ ഏജൻസിക്കു ലൈസൻസ് നൽകാത്തതിന്റെ പേരിൽ കൃഷിക്കാരെ നീര ഉൽപാദിപ്പിക്കാൻ അനുവദിക്കില്ലെന്നു നിലപാടുള്ളവർ പരസ്യമായി ഇക്കാര്യം പ്രഖ്യാപിക്കട്ടെ. ഏതു സാഹചര്യത്തിലാണു സർക്കാർ ഏജൻസിക്കു ലൈസൻസ് നൽകാത്തതെന്ന് എക്സൈസ് വകുപ്പും വ്യക്തമാക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്ന ആർക്കും ലൈസൻസ് നിഷേധിക്കേണ്ടതില്ലല്ലോ. സ്വന്തമായി വേണ്ടത്ര തെങ്ങോ നീര ശേഖരിക്കുന്നവരോ ഇല്ലാത്തവർക്കു ലൈസൻസ് നൽകുന്നതു തെറ്റാണെന്ന കാര്യത്തിലും തർക്കമുണ്ടാവില്ല. സുതാര്യതയോടെ തീരുമാനമെടുക്കാവുന്ന പ്രശ്നത്തിന്റെ പേരിൽ കൃഷിക്കാരെ ദ്രോഹിക്കാൻ ആരും തുനിയരുത്. അമുലിന്റെ മാതൃകയിൽ കർഷകർ കേരളമൊട്ടാകെ സംഘടിച്ചു നീര ചെത്താനും സംസ്കരിക്കാനും വിപണി പിടിക്കാനും ശ്രമിക്കുന്നതിനിടയിലാണ് അനിശ്ചിതത്വങ്ങൾ തുടരെ കടമ്പകളാകുന്നത്.

ഏതു വകുപ്പിലൂടെയായാലും സംസ്ഥാന സർക്കാരാണു കൃഷിക്കാർക്കു ലൈസൻസ് നൽകുന്നതെന്നു കരുതിയാൽ തീരാവുന്ന പ്രശ്നമേ ഇവിടെയുള്ളൂ. തുടക്കമിട്ട ഒരു പ്രസ്ഥാനത്തെ തളർത്തിക്കൊണ്ടല്ല ഇത്തരം തർക്കങ്ങൾക്കു പരിഹാരം കാണേണ്ടത്. തർക്കത്തിൽ അന്തിമ തീരുമാനം ഉണ്ടാകുന്നതുവരെ നിലവിലുള്ള അവസ്ഥ തുടരാനും നീര ഉൽപാദനം തടസ്സപ്പെടാതിരിക്കാനും മുഖ്യമന്ത്രി മുൻകയ്യെടുക്കണം. കർഷകനന്മയ്ക്കു വിഘാതമായ നിലപാടുകൾ ബന്ധപ്പെട്ടവർ തുടരുകയാണെങ്കിൽ നീരയുടെ ഉൽപാദന മേൽനോട്ടം ഭക്ഷ്യസുരക്ഷാ കമ്മിഷണർക്കു കൈമാറുന്നതുപോലുള്ള നടപടികളും പരിഗണിക്കാവുന്നതാണ്. കൃഷിക്കാർക്കു നൽകുമെന്നു പറഞ്ഞ സബ്സിഡി അർഹതയുള്ളവർക്കേ ലഭിക്കുകയുള്ളൂ എന്ന നിലപാടും ഭരണാധികാരികൾ സ്വീകരിക്കണം. നീര ഉൽപാദിപ്പിക്കുന്ന മറ്റു രാജ്യങ്ങളുമായി മത്സരിക്കാൻ നമുക്കു കഴിയണമെങ്കിൽ എക്സൈസ് നുകത്തിൽ നിന്നുകൂടി നീരയെ വിമുക്തമാക്കിയേ തീരൂ.